Vol-II, N0.5
5-2- 2008

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**പ്രധാന വാർത്തകൾ**

01. വെല്ലുവിളികളെ തിരുവചനത്തിന്റെ മാർഗ്ഗത്തിലൂടെ അതിജീവിക്കണം: കർദ്ദിനാൾ
02. പാഠ്യപദ്ധതി ചട്ടക്കൂടിന് അന്തിമതീരുമാനമായില്ല.
03. സർക്കാർ, എയ്ഡഡ് കോളേജ് നിയമനങ്ങൾ: കോളേജ് സർവീസ് കമ്മിഷൻ വേണം.
04. ന്യൂനപക്ഷാവകാശങ്ങൾ കവർന്നെടുക്കാൻ ആസൂത്രിത നീക്കം: കെസിവൈഎം
05. നഴ്സിങ് പഠന വികസനത്തിന് 2,900 കോടി രൂപ.
06. അൺ എയ്ഡഡ് സ്കൂളുകൾക്ക് വൈദ്യുതി ബോർഡിന്റെ ഇരുട്ടടി.
07. മെത്രാൻ സമിതിയുടെ ഇടയലേഖനം 29 രൂപതകളിൽ വായിക്കും.
08. ആദർശ ധീരതയുള്ള നേതാക്കന്മാരിൽ സമൂഹത്തിന്റെ പ്രതീക്ഷ: മാർ ജോസഫ് പവ്വത്തിൽ.

**01. വെല്ലുവിളികളെ തിരുവചനത്തിന്റെ മാർഗ്ഗത്തിലൂടെ അതിജീവിക്കണം: കർദ്ദിനാൾ**

(ദീപിക 24-01-2008)

ആധുനിക വെല്ലുവിളികളെ തിരുവചനത്തിന്റെ മാർഗ്ഗത്തിലൂടെ അതിജീവിക്കാൻ തയാറാകണമെന്ന് സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ വർക്കി വിതയത്തിൽ അഭിപ്രായപ്പെട്ടു. സീറോ മലബാർ സഭാ കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ സംഘടിപ്പിക്കപ്പെട്ട നവവൈദീക സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തിരുവചനം എത്രമാത്രം പ്രായോഗികമാക്കുന്നുവോ അത്രമാത്രം ക്രൈസ്തവ ജീവിതം വിജയിക്കും. സ്വന്തമായുള്ളവ പങ്കുവെയ്ക്കാനും സാമൂഹിക നീതി സംസ്ഥാപിക്കപ്പെടുവാനും ഓരോ ക്രൈസ്തവനും മുന്നോട്ട് വരണം. പാവങ്ങളോട് പക്ഷം ചേരുവാനും സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകന്നു നിൽക്കുന്നവരെ ഉദ്ധരിക്കുവാനും പരിശ്രമിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചടങ്ങിൽ വൈദീക സന്യസ്ത കമ്മീഷൻ ചെയർമാൻ ബിഷപ് മാർ ജയിംസ് പഴയാറ്റിൽ അധ്യക്ഷത വഹിച്ചു.

**02. പാഠ്യപദ്ധതി ചട്ടക്കൂടിന് അന്തിമതീരുമാനമായില്ല.** (തേജസ് 23-01-2008)

വിദ്യാഭ്യാസസ്ഥാപനങ്ങളുടെ നടത്തിപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകുന്നതും പ്രീപ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെ ഒരു കുടക്കീഴിലാക്കുന്നതും സംബന്ധിച്ച് പാഠ്യപദ്ധതി ചട്ടക്കൂട് കരടിൽ പറഞ്ഞിരുന്നതിൽനിന്നു കരിക്കുലം കമ്മിറ്റി ഒഴിഞ്ഞുമാറുന്നു. ഇവ വിദ്യാഭ്യാസചട്ട പരിഷ്കരണ കമ്മിറ്റിക്കു വിടാനാണു കരിക്കുലം കമ്മിറ്റിയുടെ തീരുമാനം. ഹയർ സെക്കൻഡറിയിൽ പഠനമാധ്യമം വിദ്യാർത്ഥികൾക്ക് അവഗാഹമുള്ള ഭാഷയാക്കണമെന്നു നിർദ്ദേശിച്ചതിലൂടെ ബോധനമാധ്യമം മലയാളം തന്നെയാക്കണമെന്ന സൂചനയാണു കമ്മിറ്റി നൽകിയിരിക്കുന്നത്. നേരത്തെ വിവാദമായതിനെത്തുടർന്നു ബോധനമാധ്യമം മലയാളമാക്കണമെന്ന കരടിലെ നിർദ്ദേശം പിൻവലിച്ചിരുന്നു. എന്നാൽ, ഇപ്പോൾ പറഞ്ഞിരിക്കുന്ന അവഗാഹമുള്ള ഭാഷ എന്നതിനെതിരേ ശക്തമായ എതിർപ്പുയർന്നതിനെത്തുടർന്ന് ഇക്കാര്യത്തിൽ അന്തിമതീരുമാനമെടുത്തില്ല.

സെക്കൻഡറിക്കും ഹയർ സെക്കൻഡറിക്കും പ്രത്യേക അഡീഷനൽ ഡയറക്ടർമാർ മതിയെന്നാണ് കരിക്കുലം കമ്മിറ്റിയുടെ തീരുമാനം. 1 മുതൽ 10 വരെ ഒരു അഡീഷനൽ ഡയറക്ടർക്കു കീഴിലും ഹയർ സെക്കൻഡറി-വി.എച്ച്.എസ്.ഇ കോഴ്സുകൾക്ക് പൊതുവായി ഒരു അഡീഷനൽ ഡയറക്ടറുമായിരിക്കും ഉണ്ടാവുക. എന്നാൽ, ഇതു സംബന്ധിച്ച കാര്യങ്ങൾ വിദ്യാഭ്യാസ ചട്ടപരിഷ്കരണ കമ്മിറ്റിയുടെ കീഴിൽ വരുന്നതുകൊണ്ട് കമ്മിറ്റിയോട് ശുപാർശ ചെയ്യും. നിലവിലുള്ള അധ്യാപക-വിദ്യാർത്ഥി അനുപാതം 1:40 എന്നതു പരിഷ്കരിക്കും. അധ്യാപക-വിദ്യാർത്ഥി അനുപാതം പ്രൈമറിതലത്തിൽ 1;25 സെക്കൻഡറി തലത്തിൽ 1:30 ഹയർ സെക്കൽഡറി തലത്തിൽ 1:40 എന്നിങ്ങനെയായിരിക്കും. പരീക്ഷകൾ കുട്ടികളുടെ സൗകര്യാർഥം നടത്തിയാൽ മതിയെന്ന കരടിലെ നിർദ്ദേശം ഒഴിവാക്കും. ടി.ടി.സി കോഴ്സ് പരിഹരിക്കുന്നതിലായി ഒരു ഹൈപവർ കമ്മിറ്റി രൂപീകരിക്കും. 1, 3, 5, 7 ക്ലാസുകളിൽ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതിന് അനുമതി നല്കി. പുസ്തകങ്ങളുടെ കരട് പരിശോധിക്കുന്നതിന് വിഷയ ബന്ധിത സമിതികൾ രൂപീകരിക്കും. അന്തിമ ചട്ടക്കൂടിനു രൂപം നൽകാൻ, കഴിഞ്ഞ ദിവസം ചേർന്ന കരിക്കുലം കമ്മിറ്റിക്കായില്ല. കഴിഞ്ഞ ദിവസം ചേർന്ന കോർ കമ്മിറ്റിയുടെ ശുപാർശകൾ കമ്മിറ്റി അംഗീകരിച്ചു. കൂടാതെ, കഴിഞ്ഞ ദിവസമുണ്ടായ പുതിയ നിർദ്ദേശങ്ങൾ കൂടി ചട്ടക്കൂടിൽ ഉൾപ്പെടുത്തും. പിന്നീട് അധ്യാപക-വിദ്യാർത്ഥി സംഘടനകളുമായി ചർച്ച നടത്തിയതിനു ശേഷം കരിക്കുലം കമ്മിറ്റി ഒരിക്കൽക്കൂടി ചേർന്ന് അന്തിമ ചട്ടക്കൂടിന് അംഗീകാരം നൽകും.

വി.എച്ച്.എസ്.ഇയിൽ ജനറൽ ഫൗണ്ടേഷൻ കോഴ്സ് (ജി.എഫ്.സി) എന്ന പുതിയ വിഷയം കൂടി ഉൾപ്പെടുത്തും. ഹയർ സെക്കൻഡറിയിൽ സംസ്കാരം എന്ന കോമ്പിനേഷനിൽ മ്യൂസിക്/കല എന്ന വിഷയത്തിനു പകരം കലാപഠനം എന്നാക്കും. മേളകൾ ഏകോപിപ്പിച്ചുകൊണ്ട് അവധിക്കാലത്തു നടത്തണമെന്നതു മാറ്റി, കഴിയുമെങ്കിൽ അവധിക്കാലത്തു നടത്തണമെന്നാക്കി. അധ്യാപക പരിശീലനത്തിന് ഒരു മാസത്തോളം താമസിച്ചു പഠിക്കാൻ ഉതകുന്ന സംവിധാനം ഒരുക്കുമെന്നു വിദ്യാഭ്യാസ മന്ത്രി ചർച്ചയിൽ അറിയിച്ചു. മാതൃഭാഷയ്ക്കും ഇതരഭാഷകൾക്കും ഇന്നുള്ള സമയം അതുപോലെ നിലനിർത്തും. ഹയർ സെക്കൻഡറി പ്രവൃത്തിദിനം അഞ്ചു ദിവസമാക്കും. ശനിയാഴ്ച ദിവസം സ്വതന്ത്രപ്രവൃത്തി ദിനമായി കണക്കാക്കും.

### 03. സർക്കാർ, എയ്ഡഡ് കോളേജ് നിയമനങ്ങൾ: കോളേജ് സർവീസ് കമ്മിഷൻ വേണം.

(കേരള കൗമുദി 25-01-2008)

സർക്കാർ, എയ്ഡഡ് കോളേജുകളിലെ നിയമനങ്ങൾ നടത്താൻ കോളേജ് സർവീസ് കമ്മിഷനെ നിയമിക്കണമെന്ന് ഉന്നതവിദ്യാഭ്യാസ കൗൺസിൽ തയാറാക്കിയ കരട് നയരേഖ ശുപാർശ ചെയ്യുന്നു. സർക്കാർ കോളേജിലേക്ക് മെറിറ്റിന്റെയും സംവരണത്തിന്റെയും അടിസ്ഥാനത്തിൽ കമ്മിഷൻ നിയമനം നടത്തണം. കമ്മിഷൻ തയാറാക്കുന്ന ലിസ്റ്റിൽ നിന്നാവണം എയ്ഡഡ് കോളേജുകളിലെ നിയമനം. അതേസമയം, ഇവിടെ സംവരണം പാലിക്കണമെന്ന് പറഞ്ഞിട്ടില്ല. കമ്മിഷൻ വഴി നിയമനങ്ങൾ നടത്തുന്നതിന് സ്വാശ്രയ കോളേജുകളെ പ്രേരിപ്പിക്കണം. എല്ലാത്തരം കോളേജുകളിലെയും വിദ്യാർത്ഥി പ്രവേശനം അതത് സർവകലാശാലകൾ നേരിട്ട് നിയന്ത്രിക്കണമെന്നും റിപ്പോർട്ടിൽ പറയുന്നു.

പ്രൊഫ. യു.ആർ അനന്തമൂർത്തി ചെയർമാനായ സമിതിയാണ് കരട് നയരേഖയ്ക്ക് രൂപം നൽകിയത്. കൗൺസിൽ അടുത്തമാസം ഒന്ന്, രണ്ട് തീയതികളിൽ സംഘടിപ്പിക്കുന്ന ദേശീയസെമിനാറിൽ ഈ രേഖ ചർച്ച ചെയ്യും. തുടർന്ന് വിവിധ തലങ്ങളിൽ നടക്കുന്ന ചർച്ചയ്ക്കു ശേഷം അന്തിമ റിപ്പോർട്ട് തയ്യാറാക്കും. അഞ്ചു വർഷത്തിനുള്ളിൽ എല്ലാ കോളേജുകളിലെയും ഗസ്റ്റ്, കരാർ ആധ്യാപകരെ ഒഴിവാക്കി സ്ഥിര നിയമനം നടത്തണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്. സ്വാശ്രയ കോളേജുകൾ നടത്തിക്കൊണ്ട് പോകാനുള്ള ചെലവ് കണക്കാക്കിയ ശേഷം ഈടാക്കാവുന്ന ഫീസിന്റെ പരമാവധി തുക എത്രയെന്ന് നിശ്ചയിക്കണം. എയ്ഡഡ് കോളേജുകൾ വെറും സ്വകാര്യ സ്ഥാപനമല്ലെന്ന് റിപ്പോർട്ടിൽ പറയുന്നു. സ്വകാര്യ കേന്ദ്രങ്ങൾ നിയന്ത്രിക്കുന്ന പൊതു സ്ഥാപനം എന്നാണ് എയ്ഡഡ് കോളേജുകളെ റിപ്പോർട്ടിൽ നിർവചിച്ചിട്ടുള്ളത്. പൊതു സ്ഥാപനമായതിനാൽ എയ്ഡഡ് കോളേജുകളിൽ അൺ എയ്ഡഡ് കോഴ്സുകൾ അനുവദിക്കാൻ പാടില്ലെന്നും ചൂണ്ടിക്കാണിക്കുന്നു.

കോളേജുകളിലെ പഠനമാധ്യമം ഇംഗ്ലീഷായി തുടരുമ്പോഴും മാതൃഭാഷയ്ക്ക് മുന്തിയ പരിഗണന നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗവേഷണ പ്രബന്ധങ്ങൾ മലയാളത്തിൽ തർജ്ജമ ചെയ്ത് പൊതുജനങ്ങൾക്കുവേണ്ടി പ്രസിദ്ധീകരിക്കണം. എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിവരാവകാശനിയമം ബാധകമാക്കണം. മുപ്പത് കോളേജുകൾക്ക് ഒരു സർവകലാശാല വേണമെന്നും റിപ്പോർട്ടിൽ ശുപാർശ ചെയ്യുന്നു. ഒരുവശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളെ കച്ചവട കേന്ദ്രങ്ങളാക്കി വിശേഷിപ്പിക്കുകയും മറുവശത്തു അമിത വൈദ്യുതി ചാർജ് ഈടാക്കുകയും ചെയ്യുന്നത് സർക്കാരിന്റെ ഇരട്ടത്താപ്പാണെന്ന് കാഞ്ഞിരപ്പള്ളി ആനക്കല്ല് സെന്റ് ആന്റണീസ് പബ്ലിക് സ്കൂൾ ആൻഡ് ജൂണിയർ കോളേജ് പ്രിൻസിപ്പൽ ഫാ. ആന്റണി തോക്കനാട്ട് പറഞ്ഞു. സർക്കാരിന്റെ നടപടി നീതിക്ക് നിരക്കാത്തതും ദുരൂഹത ഉണർത്തുന്നതുമാണെന്ന് ചങ്ങനാശ്ശേരി എസ്.എച്ച് സ്കൂൾ പ്രിൻസിപ്പൽ ഫാ. തോമസ് മാലിയിൽ അഭിപ്രായപ്പെട്ടു. ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഇല്ലായ്മപ്പെടുത്താനുള്ള ഗൂഢനീക്കമാണിത്- അദ്ദേഹം കൂട്ടിച്ചേർത്തു.

**04. ന്യൂനപക്ഷാവകാശങ്ങൾ കവർന്നെടുക്കാൻ ആസൂത്രിത നീക്കം: കെസിവൈഎം**

(ദീപിക 26-01-2008)

ന്യൂനപക്ഷങ്ങളിടെ അവകാശങ്ങൾ കവർന്നെടുക്കാൻ സംസ്ഥാന സർക്കാർ ആസൂത്രിത നീക്കം നടത്തുകയാണെന്ന് കെസിവൈഎം സംസ്ഥാന സമിതി ആരോപിച്ചു. അനന്തമൂർത്തി കമ്മീഷൻ റിപ്പോർട്ടിലൂടെ എയ്ഡഡ്-അൺ എയ്ഡഡ് കോളേജിലെ നിയമനങ്ങൾ കോളേജ് സർവീസ് കമ്മീഷൻ വഴി നടത്താമെന്ന വ്യാമോഹം സർക്കാരിനു വേണ്ടെന്നും കെസിവൈഎം സംസ്ഥാന സമിതി മുന്നറിയിപ്പു നൽകി. സ്വാശ്രയ സ്ഥാപനങ്ങളെ കരിതേച്ച് സർക്കാരിന്റെ നിയന്ത്രണത്തിൻ കീഴിലാക്കാനുള്ള ഗൂഢതന്ത്രമാണിത്. കോളേജുകളിൽ ക്ലസ്റ്റർ രൂപീകരിക്കാനുള്ള സർക്കാരിന്റെ നീക്കവും സ്ഥാപനങ്ങളുടെ ന്യൂനപക്ഷ പദവി പുനർനിർണയിക്കാനുള്ള ശ്രമവും സ്വയംഭരണ കോളേജുകൾ തടയാനുള്ള ഉപാധിയാണ്. ഇതുവഴി കേരളത്തിലെ വിദ്യാഭ്യാസ രംഗം മുഴുവൻ കൈയടക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നതെന്നും കെസിവൈഎം സംസ്ഥാന സമിതി ആരോപിച്ചു. ദേശീയതലത്തിൽ ഔന്നത്യം പുലർത്തുന്ന കലാലയങ്ങളൊന്നും കേരളത്തിലുണ്ടാകരുതെന്നും സർക്കാർ നയം മാറ്റണമെന്നും സമിതി ആവശ്യപ്പെട്ടു.

**05. നഴ്സിങ് പഠന വികസനത്തിന് 2,900 കോടി രൂപ.** (മലയാള മനോരമ 23-01-2008)

ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതിയിൽ മൂന്നരലക്ഷത്തോളം നേഴ്സുമാരുടെ സേവനംകൂടി ആവശ്യമായിരിക്കെ, നഴ്സിങ് പഠന അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ പതിനൊന്നാം പദ്ധതിയിൽ 2,900 കോടി വകയിരുത്തും. നിലവിലുള്ള പദ്ധതികൾക്കു 280 കോടിക്കു പുറമേയാണിതെന്നു കേന്ദ്ര ആരോഗ്യമന്ത്രി ഡോ. അൻപുമണി രാംദാസ് അറിയിച്ചു. ട്രെയിൻഡ് നേഴ്സസ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ശതാബ്ദി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പത്താം പദ്ധതിയിൽ 82 കോടി രൂപയായിരുന്നു നഴ്സിങ് പദ്ധതികൾക്കായി വകയിരുത്തിയിരുന്നത്.

കേരളമടക്കം 24 സംസ്ഥാനങ്ങളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കും. 20 കോടിയാണ് ഈ പഠനസ്ഥാപനങ്ങളിൽ ഓരോന്നിനും കേന്ദ്രസർക്കാർ മുതൽ മുടക്കുക. നഴ്സിങ് ഡിപ്ലോമ - ബിരുദ കോഴ്സുകൾ സമാന്തരമായി തുടരും. ഇതിനായി 145 എഎൻഎം സ്കൂളുകളും 137 ജിഎൻഎം സ്കൂളുകളും ആരംഭിക്കും. രാജ്യത്തെ നഴ്സിങ് പഠനസ്ഥാപനങ്ങളില്ലാത്ത 230 ജില്ലകൾക്കു മുൻഗണന നൽകും. എഎൻഎം സ്കൂളുകൾക്ക് അഞ്ചുകോടിയും ജിഎൻഎം സ്കൂളുകൾക്ക് പത്തുകോടിയും വീതമാണ് ചെലവഴിക്കുക.

**06. അൺ എയ്ഡഡ് സ്കൂളുകൾക്ക് വൈദ്യുതി ബോർഡിന്റെ ഇരുട്ടടി.** (ദീപിക 25-01-2008)

സംസ്ഥാനത്തെ ആയിരക്കണക്കിന് അൺ എയ്ഡഡ് സ്കൂളുകൾക്കു സർക്കാരിന്റെ പുതിയ പ്രഹരം. അൺ എയ്ഡഡ് സ്കൂളുകളുടെ വൈദ്യുതി ചാർജ് വാണിജ്യ വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കിയത്. ഡിസംബർ 31 -നു പുറപ്പെടുവിച്ച സർക്കാർ ഉത്തരവു (കെ.എസ.ഇ.ആർ.സി/111/ടി.പി-33/2007) പ്രകാരമാണു സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ് കൊമേഴ്സ്യൽ വിഭാഗത്തിൽ

ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതുമൂലം അൺഎയ്ഡഡ് സ്കൂളുകളുടെ വൈദ്യുതി ചാർജ്ജ് കുത്തനെ ഉയരും. വിദ്യാഭ്യാസസ്ഥാപനങ്ങൾക്കുള്ള പ്രത്യേക ആനുകൂല്യം അൺ എയ്ഡഡ് സ്കൂളുകൾക്ക് നിഷേധിച്ചു. കുടിശ്ശിക എന്നപേരിൽ ലക്ഷക്കണക്കിന് രൂപയുടെ ബില്ലാണ് സ്കൂളുകൾക്ക് ലഭിച്ചിരിക്കുന്നത്. ഉന്നതനിലവാരത്തിലുള്ള വിദ്യാഭ്യാസം നൽകുന്ന മെച്ചപ്പെട്ട അൺ എയ്ഡഡ് സ്കൂളുകളെ ഇതു ദോഷകരമായി ബാധിക്കും. കംപ്യൂട്ടർ, ലാബ്, ലൈബ്രറി എന്നിവയുടെ പ്രവർത്തനങ്ങളിൽ എയ്ഡഡ് സ്കൂളുകളെക്കാൾ വൈദ്യുതിച്ചെലവ് അൺ എയ്ഡഡ് സ്കൂളുകൾക്കുണ്ട്. പോളിംഗ് ബൂത്തായും ഗ്രാമസഭകൾ കൂടുന്നതിനും പോളിയോ മരുന്നുവിതരണത്തിനുമൊക്കെ സർക്കാർ ആവശ്യപ്പെടുമ്പോഴെല്ലാം വിട്ടുകൊടുക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെതിരെയാണ് ഈ നടപടിയത്രെ. ഇത്തരം ആവശ്യങ്ങൾക്ക് എല്ലാസൗകര്യങ്ങളും ഉൾപ്പെടെ സൗജന്യമായാണ് സ്വകാര്യസ്ഥാപനങ്ങൾ പൊതു ആവശ്യങ്ങൾക്ക് നൽകുന്നത്.

**07. മെത്രാൻ സമിതിയുടെ ഇടയലേഖനം 29 രൂപതകളിൽ വായിക്കും.**

(കേരള കൗമുദി 30-01-2008)

ക്രൈസ്തവർ ക്രൈസ്തവസ്ഥാപനങ്ങളിൽ പഠിക്കണമെന്ന ചങ്ങനാശേരി ആർച്ച് ബിഷപ് ജോസഫ് പൗവ്വത്തിലിന്റെ വിവാദ പ്രസ്താവനയെ പിന്തുണച്ച് കത്തോലിക്കാ മെത്രാൻ സമിതി (കെ.സി.ബി.സി) തയ്യാറാക്കിയ ഇടയലേഖനം അടുത്ത മാസം പള്ളികളിൽ വായിക്കും. വിദ്യാഭ്യാസം, വിശ്വാസം, നിരീശ്വരവാദം തുടങ്ങിയ വിഷയങ്ങൾ പരാമർശിക്കുന്ന ഇടയലേഖനത്തിൽ കെ.സി.ബി.സി പ്രസിഡന്റ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ, വൈസ് പ്രസിഡന്റ് ജോഷ്വാ ഇഗ്നാത്തിയോസ്, സെക്രട്ടറി ആൻഡ്രൂസ് താഴത്ത്, മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ വർക്കി വിതയത്തിൽ, മലങ്കര സഭാ കാതോലിക്കാ ബാവ ബസേലിയോസ് ക്ലീമിസ് എന്നിവരാണ് ഒപ്പിട്ടത്. സീറോ മലബാർ, മലങ്കര, ലാറ്റിൻ സഭകളിലെ 29 രൂപതകളിൽ ഇടയലേഖനം വായിക്കും.

ധാർമികമൂല്യങ്ങളിലും ഈശ്വരവിശ്വാസത്തിലും മനുഷ്യസേവനത്തിലും ഉറച്ചു നിന്നു കൊണ്ട് പുതിയ തലമുറ വളരണം. അതിനുതകുന്ന സ്ഥാപനങ്ങളിൽ കുട്ടികളെ പഠിപ്പിക്കുവാൻ മാതാപിതാക്കൾക്ക് കടമയുണ്ട്. ക്രിസ്തീയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രസക്തി അവിടെയാണെന്ന് ഇടയലേഖനത്തിൽ പറയുന്നു. വിശ്വാസ ജീവിതം നയിക്കാത്തവർക്കും അത് പരസ്യമായി പ്രഖ്യാപിക്കാൻ മടിക്കുന്നവർക്കും ശുശ്രൂഷകൾക്ക് അർഹതയില്ലെന്ന് ഇടയലേഖനം പറയുന്നു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളെ ഇടയലേഖനം രൂക്ഷമായി വിമർശിക്കുന്നുണ്ട്. കമ്മ്യൂണിസ്റ്റുകൾ അധികാരത്തിൽ വരുമ്പോൾ അസഹിഷ്ണുതയും സർവാധിപത്യവും പുലർത്തുന്നുവെന്ന് അതിൽ കുറ്റപ്പെടുത്തുന്നു. ഭൗതീക -നിരീശ്വര പ്രലോഭനങ്ങളെ അതിജീവിക്കുക എന്ന തലക്കെട്ടിലുള്ള ഇടയലേഖനം അടിസ്ഥാനമാക്കി കുടുംബ തലത്തിലും സംഘടനാതലത്തിലും ചർച്ചകളും ക്ളാസുകളും സംഘടിപ്പിക്കാനും മെത്രാൻ സമിതി നിർദ്ദേശിച്ചിട്ടുണ്ട്.

**08. ആദർശ ധീരതയുള്ള നേതാക്കന്മാരിൽ സമൂഹത്തിന്റെ പ്രതീക്ഷ: മാർ ജോസഫ് പവ്വത്തിൽ.**

(ദീപിക 23-01-2008)

ആദർശ ധീരതയുള്ള നേതാക്കൻമാരിലാണ് ഒരു സമൂഹത്തിന്റെ ഭാവിയും പ്രതീക്ഷയുമെന്നും അങ്ങനെയുള്ള നേതാക്കൻമാരെ സൃഷ്ടിക്കുകയാണ് കെ.സി.എസ്.എൽപോലെയുള്ള സംഘടനകളുടെ ദൗത്യമെന്നും ഇന്റർ ചർച്ച് കൗൺസിൽ ചെയർമാൻ മാർ ജോസഫ് പവ്വത്തിൽ പ്രസ്താവിച്ചു. കെ.സി.എസ്.എൽ അതിരൂപത വാർഷികം ചങ്ങനാശേരി സെന്റ് ജോസഫ് സ്കൂളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു. നേതാക്കന്മാർ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും പ്രശ്നങ്ങൾ അറിയുന്നവരും സത്യത്തിനുവേണ്ടി പൊരുതുവാൻ ആദർശധീരതയുള്ളവരുമാകണം. വ്യക്തിതാൽപര്യത്തിനുമേൽ ഉയർന്ന് സമൂഹത്തിന് ആദർശബോധത്തോടെ ദിശാബോധം നൽകുന്ന നേതാക്കൻമാർ മുമ്പോട്ട് വരണമെന്ന് ആർച്ച് ബിഷപ് ആഹ്വാനം ചെയ്തു.